[redacted]7138619/2023/I&PRD (OS)

[redacted]73139/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.എസ് എസ്3 / 50/2023/പൊ ഭ വ
പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 29-03-2023

## സർക്കുലർ

വിഷയം:- പൊ ഭ വ- ഹജ്ജുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സൗദി അറേബ്യ ജിദ്ദ ഇന്ത്യൻ കോൺസുലേറ്റിൽ പ്രവർത്തിക്കാൻ സന്നദ്ധരായ ജീവനക്കാരുടെ താല്പര്യപത്രം- സംബന്ധിച്ച്

സൂചന:- 23.03.2023 തീയതിയിലെ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയ സെക്രട്ടറിയുടെ HAJ-16/09/2022-HAJ-MoMA നംബർ കത്ത്

*************************

ഈ വർഷത്തെ ഹജ്ജ് തീർഥാടകരുടെ ക്ഷേമം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സൗദിഅറേബ്യയയിലെ ജിദ്ദ ഇന്ത്യൻ കോൺസുലേറ്റിൽ ഓരോ സംസ്ഥാനത്ത് നിന്നും ഉദ്യോഗസ്ഥരെ നിയോഗിക്കുവാൻ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന് കീഴിൽ ജോലി ചെയ്യുന്നതും കേന്ദ്രസർക്കാറിന്റെ ഡയറക്ടർ/ഡെപ്യൂട്ടിസെക്രട്ടറി തലത്തിലുമുള്ള 25 നും 50 വയസ്സിനുമിടയിൽ പ്രായമുള്ള മുസ്ലീം സമുദായത്തിൽപെട്ട ഉദ്യോഗസ്ഥരെയാണ് ഇതിനായി നിയോഗിക്കുന്നത്

താല്പര്യമുള്ള ജീവനക്കാർ സമ്മതപത്രവും വിശദമായ ബയോഡേറ്റയും സഹിതം വകുപ്പ് മേധാവിയുടെ ശിപാർശയോട് കൂടി ഏപ്രിൽ മൂന്ന് തിങ്കളാഴ്ച അഞ്ചു മണിക്ക് മുൻപായി നേരിട്ടോ (GA(SS) D, Main Block, Secretariat) ഇമെയിൽ മുഖേനയോ (gadss@kerala.gov.in) അപേക്ഷ സമർപ്പിക്കേണ്ടതാണ്. സമയപരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

| Name | Designation | Department | Date of Birth | Pay scale |
|---|---|---|---|---|
| | | | | |

ഉത്തരവിൻ പ്രകാരം

K R JYOTHILAL
ADDITIONAL CHIEF SECRETARY

Signed by
സെക്ഷൻ ഓഫീസർ.
Jiji D.v.
Date: 30-03-2023 11:05:37

അഡ്വക്കേറ്റ് ജനറൽ, കേരള
എല്ലാ വകുപ്പ് മേധാവികൾക്കും /സെക്രട്ടറിയറ്റിലെ എല്ലാ ഉദ്യോഗസ്ഥർക്കും ( ഇഓഫീസ് മുഖേന
ഡയറക്ടർ, ഐ & പി ആർ ഡി ( മാധ്യമങ്ങൾ വഴി അറിയിക്കുവാൻ)